**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3528** **15-02-2024 - ൽ മറുപടിയ്ക്ക്**

**മണിയൂർ ഗ്രാമപഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള 6.0190 ഹെക്ടർ ഭൂമി കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് വികസനത്തിന് എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ്, (നിരത്ത് വിഭാഗം) സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ തുടരുന്നതിന് അനുമതി നല്കിയിട്ടുള്ളതും തുടർന്ന് 11(1) നോട്ടിഫിക്കേഷൻ 09/11/2023 തീയതിയിലെ 3622-ാം നമ്പർ ഗസറ്റിൽ (അസാധാരണം) പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.<br><br>ഇതുമായി ബന്ധപ്പെട്ടുള്ള സർവെ - സബ്ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>തുടർന്ന് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (BVR) തയ്യാറാക്കുന്നതും പുനരധിവാസ പുനസ്ഥാപന പാക്കേജ് പ്രഖ്യാപിച്ച് 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതുമാണ്. അവാർഡ് എൻക്വയറി നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്ക് ആവശ്യമായ സർവേയർമാരെ നിയോഗിച്ചിട്ടുണ്ടോ;<br>വിശദമാക്കാമോ? | (ബി) | സ്പെഷ്യൽ തഹസിൽദാർ എൽ.എ. കൊയിലാണ്ടി ഓഫീസിലെ രണ്ട് സർവെയർമാരെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സർവെ നടപടികൾക്കായി നിയോഗിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ